Talented Bankers Literary Panel
പുസ്തക പരിചയം 118

പുസ്തകം പരിചയപ്പെടുത്തുന്നത്,
കെ ജി ഉണ്ണികൃഷ്ണൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
കുമ്പള ശാഖ.

അർദ്ധനാരീശ്വരൻ.
പെരുമാൾ മുരുകൻ

തമിഴ് സാഹിത്യത്തിലെ പ്രശസ്ത കവിയും കഥാകാരനും ആയ പെരുമാൾ മുരുകൻ്റെ "മാതൊരുപാകൻ" എന്ന നോവലിന് Dr. അപ്പു ജേക്കബ് ജോൺ എഴുതിയ മലയാളവിവർത്തനം ആണ് "അർദ്ധനാരീശ്വരൻ"

വർഗ്ഗീയ ഫാസിസ്റ്റുകളുടെ ഇടപെടലുകൾ മൂലം തമിഴ്നാട്ടിൽ നോവൽ പിൻവലിക്കുകയും അതിൽ വിഷമിച്ച് "പെരുമാൾ മുരുകൻ എന്ന എഴുത്തുകാരൻ മരിച്ചു" എന്ന് സാഹിത്യകാരൻ തന്നെ പ്രഖ്യാപിക്കുകയും ചെയ്തപ്പോഴാണ് മലയാളികൾക്കിടയിൽ അദ്ദേഹം കൂടുതൽ ശ്രദ്ധിക്കപ്പെടുന്നതും ഡിസി ബുക്ക് ഈ വിവാദ നോവലിൻ്റെ വിവർത്തനം പ്രസിദ്ധപ്പെടുത്താൻ സധൈര്യം മുന്നോട്ട് വരുന്നതും

കാരന്നൂർ എന്ന തമിഴ് ഗ്രാമത്തിലെ 60 -70 വർഷങ്ങൾക്ക് മുൻപുള്ള സാമൂഹിക പശ്ചാത്തലത്തിലാണ് ഈ നോവൽ എഴുതിയിരിക്കുന്നത്. പുറംലോകവുമായി അധികം ഒന്നും ബന്ധം ഇല്ലാതെ കിടക്കുന്ന ഒന്നു രണ്ട് കർഷക ഗ്രാമങ്ങളിലെ ജീവിതശൈലിയും സാമൂഹിക- ദൈവിക ആചാരങ്ങളും ഈ നോവലിലൂടെ നമ്മെ പരിചയപ്പെടുത്തുന്നു.

ജാമാതാവിന്റെ വീട്ടിലെ പൂവരശിൻ തണലിൽ വിശ്രമിക്കുന്ന കാളി എന്ന ചെറുപ്പക്കാരനിലൂടെയാണ് കഥ പറഞ്ഞു തുടങ്ങുന്നത്.

കല്യാണം കഴിഞ്ഞ് മൂന്ന് മാസം ആയപ്പോഴാണ് കാളി ഇവിടെ ഈ പൂവരശിൻ തൈ നട്ടത്. 12 വർഷം കൊണ്ട് അത് പടർന്നുപന്തലിച്ച് ധാരാളം പൂവും കായും ഉണ്ടായി.കാളിയുടെ വീട്ടിലെ പശുവും ആടും കോഴിയും എല്ലാം ഈ 12 വർഷം കൊണ്ട് പലതവണ കുഞ്ഞുങ്ങളെ ഉണ്ടാക്കി. പക്ഷെ ഇതുവരെയും കാളിക്കും ഭാര്യ പൊന്ന ക്കും ഒരു കുട്ടി ഉണ്ടായില്ല. അറിയാവുന്ന നേർച്ചകളും വഴിപാടുകളും എല്ലാം കഴിച്ചു. എങ്കിലും ഒരു ദൈവവും കനിഞ്ഞില്ല.

ഓർമ്മകൾ പിന്നോട്ടു പോകുമ്പോൾ .....കാളിയും മുത്തുവും ഉറ്റ സുഹൃത്തുക്കളായിരുന്നു മുത്തുവിൻ്റെ പെങ്ങളാണ് ഇപ്പോൾ കാളിയുടെ ഭാര്യയായ പൊന്ന. പൊന്നയ്ക്ക് 16 വയസ്സായപ്പോഴേക്കും കാളിക്ക് അവളോട് ഇഷ്ടം തോന്നുകയും, അത് മുത്തുവിനോട് പറയുകയും ചെയ്തു. വീട്ടുകാരുടെ സമ്മതത്തോടെ കല്യാണവും നടന്നു. അങ്ങനെ സുഹൃത്ബന്ധം കല്യാണത്തോടെ മച്ചാൻ - മാപ്പിള ബന്ധം ആയി മാറുകയും ചെയ്തു.

ആരോഗ്യവും മെയ് വഴക്കവും അധ്വാനശീലവും ഉള്ള യുവാവായിരുന്നു കാളി. അതേപോലെ ഭർത്താവിന്റെ ആഗ്രഹങ്ങൾക്ക് ഒത്ത് ജീവിക്കുന്ന ഉത്തമയായ ഭാര്യ ആയിരുന്നു പൊന്ന. പക്ഷേ സന്താനഭാഗ്യം അവരുടെ ജീവിതത്തിൽ ഉണ്ടായില്ല. അതിൽ അവർക്ക് വല്ലാത്ത വിഷമം ഉണ്ടായിരുന്നു. പ്രസവിക്കാത്ത സ്ത്രീകളെ 'ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ' ആയി കാണുന്ന ആ സമൂഹത്തിൽ അവർക്ക് വളരെയേറെ വിഷമമുണ്ടാക്കുന്ന അനുഭവങ്ങളും ഒറ്റപ്പെടലുകളും ഉണ്ടാകുന്നു.

മറ്റൊരു വിവാഹം കഴിക്കാൻ കാളിയെ പലരും നിർബന്ധിച്ചെങ്കിലും കാളി അതിനൊന്നും സമ്മതിക്കുന്നില്ല . കാരണം പൊന്നയെ അവന് അത്രയ്ക്ക് ഇഷ്ടമായിരുന്നു. പുതുതായി കല്യാണം കഴിക്കുന്ന പെണ്ണ് ഗർഭിണിയായാൽ ആ വിഷമം താങ്ങാൻ പൊന്നയ്ക്ക് പറ്റുകയില്ല. രണ്ടാമത്തെ പെണ്ണും ഗർഭിണി ആയില്ലെങ്കിൽ കാളിക്ക് ഷണ്ഡൻ എന്ന പേര് വീഴുകയും ചെയ്യും.

പൊന്നയുടെ നാട്ടിലെ കാരത്തൂരിൽ 18 ദിവസം നീണ്ടുനിൽക്കുന്ന തേര് ഉത്സവത്തിന് ഒരു പ്രത്യേകതയുണ്ട്. പതിനെട്ടാം ദിവസം ദൈവങ്ങൾ തിരിച്ച് മലകയറുന്ന ആ രാത്രിയിൽ , കുട്ടികൾ വേണമെന്ന് ആഗ്രഹിക്കുന്ന സ്ത്രീകൾ അമ്പലത്തിലും ചുറ്റുമുള്ള പാടത്തും ചെല്ലും. അവരെ ഭോഗിക്കാൻ ആയി ധാരാളം ആണുങ്ങളും അവിടെ എത്തും എല്ലാവരും ദൈവമായി മാറുന്ന ആ രാത്രിയിൽ ആർക്കും ആരുമായും ആ പാടത്ത് വെച്ച് ഇണ ചേരാം. ഈ അവസരത്തിൽ ഗർഭിണികളായ ഒരുപാട് യുവതികൾ ഉണ്ട്. ഇണയുടെ മുഖം പോലും അറിയാതെ ഏറ്റുവാങ്ങുന്ന ജീവ ബീജത്തെ, ദൈവം തന്ന നിധിയായി കണ്ട് മാതാപിതാക്കൾ വളർത്തുന്നു.

കാളിയുടെ സമ്മതം ഇല്ലാതിരുന്നിട്ടുകൂടി അവളുടെ അമ്മയും അമ്മായിഅമ്മയും കൂടി പൊന്നയെ ഈ ചടങ്ങിന് കൊണ്ടുപോയി ഗർഭിണിയാക്കാൻ പദ്ധതി തയ്യാറാക്കുന്നു. അന്യ പുരുഷനെ മനസ്സാലോ ശരീരത്താലോ സ്പർശിച്ച പൊന്നയെ വീണ്ടും കാണുവാനോ അവളുമായി ജീവിക്കാനോ കാളിക്ക് കഴിയുമായിരുന്നില്ല. ആ വിഷമം

കാളിയുടെ പെരുമാറ്റത്തിൽ നിന്ന് നല്ലവണ്ണം മനസ്സിലാക്കാമായിരുന്നു.

പൊന്നയേയും കാളിയേയും തെറ്റിദ്ധരിപ്പിക്കുന്നത് വഴി മാതാപിതാക്കൾ ഈ ഉദ്യമത്തിൽ വിജയിക്കുന്നതും തുടർന്നുള്ള സംഭവങ്ങളുമാണ് ഈ കഥയിലെ ഇതിവൃത്തം.

ഒരു കാലഘട്ടത്തിൽ ഒരു സമൂഹത്തിൽ നിലനിന്നിരുന്ന ആചാരത്തെ ഒരു കഥയുടെ ചട്ടക്കൂടിൽ നിർത്തി വിവരിക്കുകയാണ് കഥാകാരൻ ചെയ്തിട്ടുള്ളത്. അതാണ് ഒരു ദേശത്തെ വർഗീയമായി അധിക്ഷേപിച്ചു എന്ന കാരണത്താൽ ആ ഭാഷയിൽ ഉള്ള പുസ്തകം തന്നെ നിരോധിക്കേണ്ട അവസ്ഥയിലേക്ക് എത്തിച്ചേർന്നത്.

ശക്തമായ പശ്ചാത്തല വർണ്ണന കൊണ്ടും ലളിതവും സുന്ദരവുമായ ഭാഷ കൊണ്ടും ഓരോ കഥാപാത്രത്തേയും വായനക്കാരന് മനസ്സിലാകുന്ന രീതിയിൽ ആണ് ചിത്രീകരിച്ചിരിക്കുന്നത്. സ്ത്രീ പുരുഷ ബന്ധത്തിലെ തീവ്രവികാരങ്ങളേപ്പോലും മറയില്ലാത്ത വാക്കുകളാൻ തുറന്നെഴുതായിരിക്കുന്നു.

നാലോ അഞ്ചോ മുഖ്യ കഥാപാത്രങ്ങൾ മാത്രമുള്ള ഈ നോവലിൽ ഓരോ കഥാപാത്രവും അവരുടെ ഭാഗത്തുനിന്ന് ചിന്തിക്കുമ്പോൾ ശരികൾ മാത്രമാണ് ചെയ്യുന്നത്. അതിനാൽ നല്ല വായനാനുഭവം നൽകുന്ന നോവലായി ഈ കഥ മാറുന്നു.

മലയാളികൾ ഇരു കൈകളും നീട്ടി സ്വീകരിച്ച ഈ നോവൽ നാലുവർഷംകൊണ്ട് പതിനാലാം പതിപ്പിൽ എത്തിനിൽക്കുന്നു.

പ്രസാധകർ:DC Books
വില :210 രൂപ